# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4819 — 18.12.14 ൽ – മറുപടിക്ക്

## ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കൽ

### ചോദ്യം

ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, എം. ഉമ്മർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, പി.ബി. അബ്ദുൾ റസാക്

ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുമ്പോൾ സംസ്ഥാനത്തിനും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കും എന്തൊക്കെ പ്രയോജനമുണ്ടാകുമെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി)

നിലവിൽ ബി.പി.എൽ., എ.എ.വൈ. കാർഡുടമകളായ 20 ലക്ഷത്തോളം കുടുംബങ്ങൾക്കാണ് ആനുകൂല്യങ്ങൾ ലഭിക്കുന്നത്. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാകുമ്പോൾ ഏകദേശം 30 ലക്ഷം കുടുംബങ്ങൾക്ക് മുൻഗണനാ കാർഡുകൾ പ്രകാരമുള്ള ആനുകൂല്യം ലഭിക്കും. പ്രതിമാസം അഞ്ച് കിലോ ഭക്ഷ്യധാന്യം മുൻഗണനാ കാർഡുടമയ്ക്ക് അവകാശമായി മാറുന്നു. അരി 3/- രൂപാ നിരക്കിലും ഗോതമ്പ് 2/- രൂപാ നിരക്കിലും ഇതര ഭക്ഷ്യധാന്യം 1/- രൂപാ നിരക്കിലുമാണ് ലഭ്യമാകുന്നത്. ഭക്ഷ്യധാന്യം നൽകാൻ കഴിയാതെ വരികയാണെങ്കിൽ തുല്യമായ തുകയ്ക്ക് അവകാശമുണ്ടായിരിക്കും. പരാതികൾ പരിഹരിക്കുന്നതിനായി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും കമ്മീഷനുകൾ ഉണ്ടാകും. കുടുംബത്തിലെ മുതിർന്ന വനിത കാർഡുടമയായിരിക്കും. ഇതു കൂടാതെ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും 6 മാസം മുതൽ 14 വയസ്സുവരെയുള്ള പോഷകാഹാര കുറവുള്ള കുട്ടികൾക്ക് പോഷക സമൃദ്ധമായ ഭക്ഷണം നൽകുന്നതിനും നിയമം വ്യവസ്ഥ ചെയ്യുന്നു.

സെക്ഷൻ ഓഫീസർ